# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4374** **17.12.2014**-ൽ മറുപടിക്ക്

**ശസ്ത്രക്രിയേതര ധനസഹായം**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീമതി. ഗീതാ ഗോപി | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പാവപ്പെട്ടവർക്ക് ചികിത്സാ ധനസഹായം നൽകുന്നതിന് വകുപ്പിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ ; | (എ) | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് ആരോഗ്യവകുപ്പിൽ നിന്നും ചികിത്സാ ധനസഹായം നൽകുന്നതിനായി ബഹു. ആരോഗ്യവകുപ്പ മന്ത്രിയുടെ ക്ഷേമനിധി എന്ന പദ്ധതിയും ബഹു. ആരോഗ്യവകുപ്പമന്ത്രി അദ്ധ്യക്ഷനായുള്ള സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതിയും നിലവിലുണ്ട്. ചികിത്സിക്കുന്ന ഡോക്ടറുടെ പക്കൽ നിന്നും സാക്ഷ്യപത്രം, വില്ലേജ് ഓഫീസറുടെ പക്കൽ നിന്നും വാർഷിക വരുമാനം തെളിയിക്കുന്ന വരുമാന സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷിക്കുന്ന അർഹരായ രോഗികൾക്ക് ആരോഗ്യവകുപ്പ് മന്ത്രിയുടെ ക്ഷേമനിധിയിൽ നിന്നും ചികിത്സാധനസഹായമായി രണ്ടായിരം രൂപ വീതം അനുവദിച്ചുവരുന്നു. ചികിത്സാ ധനസഹായം അനുവദിച്ച ഉത്തരവ് രോഗിയ്ക്ക് അയച്ചുകൊടുത്ത് രോഗിയിൽ നിന്നും രസീത് വാങ്ങി ചികിത്സാ ധനസഹായത്തുക മണി ഓർഡറായി അയച്ചു കൊടുക്കുന്നതാണ്. ആരോഗ്യവകുപ്പ് ഡയറക്ടർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.<br><br>വാർഷികവരുമാനം മൂന്നുലക്ഷം രൂപവരെയുള്ള ക്യാൻസർ രോഗികൾക്കും കിഡ്നി ചികിത്സ നടത്തുന്ന രോഗികൾക്കും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റു രോഗികൾക്കും ആരോഗ്യവകുപ്പിൽ നിന്നും ചികിത്സാ ധനസഹായം നൽകുന്നതിനായി സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി പ്രകാരമുള്ള ചികിത്സാ ധനസഹായം ലഭിക്കാൻ ചികിത്സിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രവും വില്ലേജ് ഓഫീസറുടെ പക്കൽ നിന്നും ലഭിക്കുന്ന വരുമാന സർട്ടിഫിക്കറ്റും സഹിതം നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ |

സമർപ്പിക്കണം. മെമ്പർ സെക്രട്ടറി, സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, ജനറൽ ഹോസ്പിറ്റലിനു സമീപം, തിരുവനന്തപുരം -695 035 എന്ന മേൽ വിലാസത്തിലാണ് അപേക്ഷ അയയ്ക്കേണ്ടത്. രോഗിക്ക് ചികിത്സ ലഭിക്കുന്ന ആശുപത്രിയിൽ നിന്നും ചികിത്സാ സ്ഥിരീകരണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നതും പ്രസ്തുത വിവരം കത്തുമുഖാന്തിരം രോഗിയെ അറിയിക്കുന്നതും രോഗിയിൽ നിന്നും രസീത് വാങ്ങി ചികിത്സാ ധനസഹായതുകയുടെ ചെക്ക് രോഗിക്ക് നേരിട്ട് രജിസ്റ്റേർഡ് തപാലിൽ അയച്ചു കൊടുക്കുന്നതുമാണ്.

RSBY യുടെ CHIS PLUS എന്ന ചികിത്സാനുകൂല്യത്തിനും സൊസൈറ്റിയുടെ ചികിത്സാ ധനസഹായത്തിനും ഒരേ രോഗിയ്ക്ക് അർഹതയുണ്ടായിരിക്കില്ലെന്ന് G.O(Rt) No.757/2012/H&FWD, dated 8/3/2012 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ശസ്ത്രക്രിയയ്ക്ക് പുറമേ വിവിധതരം രോഗപീഢകൾ അനുഭവിക്കുന്ന പാവപ്പെട്ട രോഗികൾക്കു കൂടി ഈ പദ്ധതിയിൽ നിന്ന് ധനസഹായം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ എന്ന പദ്ധതിയിൽ ഇപ്പോൾ ക്യാൻസർ, ഡയാലിസിസ് രോഗികൾക്ക് ശസ്ത്രക്രിയ കൂടാതെ തന്നെ ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. മാരകമായ മറ്റു രോഗങ്ങളെ കൂടി ഈ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരുന്നു.

(സി) ഈ പദ്ധതി പ്രകാരം അപേക്ഷകരുടെ വാർഷികവരുമാന പരിധി അമ്പതിനായിരം രൂപയാക്കി നിജപ്പെടുത്തുവാൻ നടപടികൾ കൈക്കൊള്ളുമോ?

(സി) സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(സാധാ) നം.1388/2012/ആ.കു.വ തിരുവനന്തപുരം തീയതി, 21.4.2012 പ്രകാരം ക്യാൻസർ രോഗികൾക്കും കിഡ്നി ചികിത്സ നടത്തുന്ന രോഗികൾക്കും സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതിയിൽ നിന്നും ചികിത്സാ ധനസഹായം നൽകുന്നതിനുള്ള വാർഷിക വരുമാന പരിധി മൂന്നു ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്. മറ്റു രോഗികളുടെ കാര്യത്തിൽ വരുമാന പരിധി ഉയർത്തുന്ന വിഷയം പരിഗണനയിലുണ്ട്.

**സെക്ഷൻ ഓഫീസർ**